(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ 'സോഷ്യൽ ആക്ടിവിസ്റ്റുകളെ' നിയോഗിച്ചിട്ടുണ്ടോ;

(ബി എങ്കിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇടയിൽപ്രവർത്തിച്ചു വരുന്ന ഇവരുടെ പ്രധാന ചുമതലകൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് സോഷ്യൽ ആക്ടിവിസ്റ്റുകൾ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ പ്രവർത്തനം മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സോഷ്യൽ ആക്ടിവിസ്റ്റുകൾ എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)ഇവരുടെ പ്രവർത്തനം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ എത്രകണ്ട് പ്രയോജനപ്പെട്ടു എന്ന് വിശദീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഗ്രാമസഭകൾ തുടങ്ങിയ വേദികളിൽ കൃത്യമായി പങ്കെടുത്ത് ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് പട്ടികവർഗ്ഗക്കാരെ സജ്ജരാക്കുക, ഇതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ആസൂത്രണ പ്രക്രിയയിൽ പട്ടികവർഗ്ഗക്കാരെ ഭാഗഭാക്കുക, ആദിവാസികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വകുപ്പുകളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുതകുന്ന രീതിയിൽ പ്രവർത്തനങ്ങൾനടത്തുന്നതിനുള്ള ഒരു 'സിംഗിൾ വിൻഡോ' ആയി പ്രവർത്തിക്കുക കൂടാതെ സർക്കാരിൽ നിന്നും, മറ്റിതര വകുപ്പുകൾ, ഏജൻസികൾ എന്നിവ മുഖേന ലഭിക്കാവുന്ന ആനുകൂല്യങ്ങളെക്കുറിച്ച് പട്ടികവർഗ്ഗക്കാരെ ബോധവന്മാരാക്കുക, അടിയന്തിരഘട്ടങ്ങളിൽ അവരെ സഹായിക്കുക എന്നിവയാണ് സോഷ്യൽ ആക്ടിവിസ്റ്റുകളുടെ ചുമതലകൾ

(സി) സംസ്ഥാനത്ത് കോട്ടയം ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും സോഷ്യൽ ആക്ടിവിസ്റ്റുകൾ പ്രവർത്തിച്ചുവരുന്നു.

(ഡി) കോട്ടയം ജില്ല ഒഴികെ എല്ലാ ജില്ലകളിലും ഇവരുടെ പ്രവർത്തനം ഇപ്പോൾ ലഭ്യമാണ്.

(ഇ) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 547 സോഷ്യൽ ആക്ടിവിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 615 പേരെ നിയമിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ബാക്കിയുള്ളവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(എഫ്)ഇവരുടെ പ്രവർത്തനങ്ങൾ പട്ടിക വർഗ്ഗക്കാരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് വളരെയധികം പ്രയോജനപ്പെട്ടുവെന്നാണ് ചുരുങ്ങിയകാലത്തെ അനുഭവംകൊണ്ട് മനസ്സിലാക്കാൻ കഴിയുന്നത്.

വാട്ടർ അതോറിറ്റിയിൽ അധികാര വികേന്ദ്രീകരണം

27 (*646)ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ.സി. വേണുഗോപാൽ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി റോസമ്മ ചാക്കോ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിൽ അധികാരവികേന്ദ്രീകരണം നടപ്പാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇതനുസരിച്ച് സബ്ഡിവിഷനുകളും അതിന്റെ കീഴിലുള്ള സെക്ഷനുകളും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുമോ;

(സി) എങ്കിൽ അതോറിറ്റിയിലെ എത്ര ജീവനക്കാർ ജില്ലാ പഞ്ചായത്തുകൾക്ക് കീഴിലാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ലോകബാങ്ക് നിർദ്ദേശപ്രകാരം സ്ഥാപിതമായ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) പ്രസ്തുത യൂണിറ്റിന്റെ നിർദ്ദേശം നടപ്പാക്കിയാൽ ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ കഴിയാതെവരുന്ന പട്ടികവിഭാഗകോളനികൾക്കും തീരദേശവാസികൾക്കുമുള്ള പദ്ധതി പ്രവർത്തനങ്ങൾ മുടങ്ങുകയും ശുദ്ധജലവിതരണ രംഗത്തു വാട്ടർ അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ അട്ടിമറിക്കപ്പെടുകയും ചെയ്യുമെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) & (ബി) ഉണ്ട്. എന്നാൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഓഫീസുകൾ ഒന്നുംതന്നെ ഇതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈ മാറുന്നതിന് തീരുമാനിച്ചിട്ടില്ല.

(സി) തീരുമാനം എടുത്തിട്ടില്ല.

(ഡി) ഇല്ല.

(ഇ) & (എഫ്) ഉദിക്കുന്നില്ല.

പിന്നോക്ക വനിതാ സംരക്ഷണ ബിൽ

28 (*647) ശ്രീ. എ.കെ. മണി :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന വനിതകളുടെ അവകാശ സംരക്ഷണത്തിന് പിന്നോക്ക വനിതാ സംരക്ഷണ ബിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly